**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2402** **04-03-2025 - ൽ മറുപടിയ്ക്ക്**

**മാങ്കാവ്-മേത്തോട്ടുതാഴം എം.എൽ.എ. റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ മാങ്കാവ്-മേത്തോട്ടുതാഴം എം.എൽ.എ. റോഡ് വികസനത്തിന് അനുവദിച്ച 23 കോടി രൂപ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | • 19/08/2020 ലെ സ.ഉ(സാധാ) നം 4807/2020/ധന നമ്പർ ഉത്തരവ് പ്രകാരം 4,60,00,000/-രൂപ കോഴിക്കോട് കോർപ്പറേഷന് '4217-60-051-94' എന്ന ശീർഷകത്തിൽ അധികധനാനുമതി വഴി അനുവദിച്ചിരുന്നു.<br>• ധന വകുപ്പിന്റെ 30/07/2024 ലെ ഡെവ-3/217/2021-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന "കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ മാങ്കാവ് മേത്തോട്ടുതാഴം റോഡിനുള്ള സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 2019-20 ബജറ്റിൽ വകയിരുത്തിയ 23 കോടി രൂപയിൽ ഇതിനകം അനുവദിച്ച 4.6 കോടി രൂപയുടെ ബാക്കി തുകയായ 18.4 കോടി രൂപ ഭരണവകുപ്പിന്റെ വ്യക്തമായ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് '4217-60-051-94(NV)' ശീർഷകത്തിൽ അനുവദിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിച്ചിരുന്നു. അതോടൊപ്പം, 12/04/2022 തീയതിയിലെ 1978250/LSGD-DC1/21/2022നമ്പർ ഫയലിലെ ധന വകുപ്പിന്റെ അഭിപ്രായ പ്രകാരം അറിയിച്ചിരുന്ന 'പദ്ധതി നിർവഹണ പുരോഗതി സംബന്ധിച്ച നിബന്ധന ഒഴിവാക്കാവുന്നതാണെന്നും' അറിയിച്ചിരുന്നു. |
| (ബി) | ഫണ്ട് അനുവദിക്കുന്നതിനുള്ള സാങ്കേതികതടസ്സങ്ങൾ നീക്കി അതിവേഗം തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | ധന വകുപ്പ് ഭരണവകുപ്പിനോട് ആവശ്യപ്പെട്ട പ്രകാരം വ്യക്തമായ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക്, തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ